"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - പാലക്കാട് ബി.ഇ.എം.ജെ.ബി. സ്കൂളിലെ എൽ.പി.എസ്.ടി. ശ്രീമതി. ടെൽമ ജോയിയുടെ നിയമനാംഗീകാരം സി.എസ്സ്.ഐ. ഡയോസിയൻ സ്കൂൾസ് കോർപ്പറേറ്റ് മാനേജർ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.3178/2026/GEDN** തീയതി,തിരുവനന്തപുരം, 09-05-2026

---

പരാമർശം:-

1. സ.ഉ. (കൈ) നം. 54/2024/പൊവിവ, തീയതി 01/06/2024.
2. സി. എസ്സ്.ഐ. ഡയോസിയൻ സ്കൂൾസ് കോർപ്പറേറ്റ് മാനേജർ സർക്കാർ മുൻപാകെ സമർപ്പിച്ച 07/03/2025 തീയതിയിലെ പുന:പരിശോധന ഹർജി.
3. പാലക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 23/07/2025 തീയതിയിലെ AEOPKD/180/2025-B നമ്പർ കത്ത്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 25/07/2025 തീയതിയിലെ DGE/13900/2025-G1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് ബി.ഇ.എം.ജെ.ബി. സ്കൂളിൽ ശ്രീമതി. ടെൽമ ജോയിയുടെ എൽ.പി.എസ്.ടി. അധിക തസ്തികയിലെ 08/11/2021 തീയതി മുതലുള്ള നിയമനാംഗീകാരം സംബന്ധിച്ച് സി.എസ്.ഐ. ഡയോസിയൻ സ്കൂൾസ് കോർപ്പറേറ്റ് മാനേജർ പരാമർശം (2) പുന:പരിശോധന ഹർജി സർക്കാരിൽ സമർപ്പിച്ചിരുന്നു. അപ്രകാരം ബന്ധപ്പെട്ട കക്ഷികളുമായി 26/07/2025 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖേന കൂടിക്കാഴ്ച നടത്തുകയുണ്ടായി.

**2. ഹർജിക്കാരുടെ വാദം താഴെപ്പറയും പ്രകാരമായിരുന്നു :**

പാലക്കാട് ബി.ഇ.എം.ജെ.ബി സ്കൂളിൽ 2021- 22 അക്കാദമിക് വർഷത്തിൽ ഉണ്ടായ അധിക എൽ.പി.എസ്.ടി തസ്തികയിൽ 08.11.2021 മുതൽ ശ്രീമതി. ടെൽമ ജോയ് എന്നവരെ നിയമിക്കുകയും നിയമന പ്രൊപ്പോസൽ അംഗീകാരത്തിനായി പാലക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ 06.07.2021 തീയതിയിലെ ജി.ഒ. (ആർ.ടി.) 3287/2021/GEDN ഉത്തരവ് പ്രകാരം കോവിഡ്-2019ന്റെ പശ്ചാത്തലത്തിൽ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാത്തതിനാൽ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 2019-2020 വർഷത്തെ തസ്തിക നിർണ്ണയം തന്നെ 2020-2021, 2021-2022 അധ്യയന വർഷങ്ങളിലും തുടർന്നു വന്നതിനാൽ നിയമനം അംഗീകരിക്കാൻ കഴിയുകയില്ല എന്ന കാരണത്താൽ നിയമനം നിരസിക്കുകയുണ്ടായി. പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവർക്കു മുൻപാകെ ഫയൽ ചെയ്തിരുന്ന അപ്പീലുകളും ഇതേ കാരണത്താൽ നിരസിക്കുകയുണ്ടായി.

പാലക്കാട് ബി.ഇ.എം.ജെ.ബി. സ്കൂളിൽ 2021-22 വർഷത്തെ റോൾ സ്ട്രങ്ങ്ത് പ്രകാരം 4 അഡീഷണൽ ഡിവിഷനുകൾ അനുവദിക്കാനുള്ള സ്ട്രങ്ങ്ത് സ്കൂളിൽ ഉണ്ടായിരുന്നു. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ഓൺലൈനായി ക്ലാസുകൾ നടന്നിട്ടുണ്ട്. 2021-22 അക്കാദമിക് വർഷത്തിൽ 2021 ആഗസ്റ്റ് മാസം മുതൽ സ്കൂളുകൾ തുറന്ന് പ്രവർത്തിച്ചിട്ടുണ്ട്. സ്കൂളിന്റെ സുഗമമായ പ്രവർത്തനത്തിനു വേണ്ടിയാണ് അഡീഷണൽ തസ്തികയിൽ അധ്യാപികയെ നിയമിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ, 08/11/2021 തീയതി മുതൽ അധിക എൽ.പി.എസ്.ടി. തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീമതി. ടെൽമ ജോയ്-യുടെ നിയമനം അംഗീകരിക്കുന്നതിനുള്ള നിർദ്ദേശം പാലക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകണമെന്ന് പരാമർശം (2) ഹർജിയിൽ ആവശ്യപ്പെട്ടുകയുണ്ടായി.

പാലക്കാട് ബി.ഇ.എം. ജൂനിയർ ബേസിക് സ്കൂളിൽ ശ്രീമതി. ടെൽമ ജോയ്-ക്ക് 01/10/2022 മുതൽ സർക്കാർ ഉത്തരവ് 29/2023/പൊ.വി.വ., തീയതി 24/03/2022-ലെ നിബന്ധനയോടെ 955/- രൂപ നിരക്കിൽ ദിവസവേതനം അംഗീകരിച്ചിരുന്നു. പിന്നീട് 01/01/2024 മുതലുള്ള ദിവസവേതനം സമന്വയ ഓഡിറ്റ് തടസവാദം ഉന്നയിച്ച് നിർത്തിവച്ചു.

ശേഷം DGE/26083/2024-G1 തീയതി 06.05.2025 ഉത്തരവിൽ ഈ നിയമനം റദ്ദ് ചെയ്യുകയും 01.06.2022 മുതൽ 01.08.2023 വരെയുള്ള ദിവസവേതനം അനുവദിച്ചു തരുകയും ചെയ്തു. എന്നാൽ ശ്രീമതി. ടെൽമയ്ക്ക് 01.08.2024 വരെയുള്ള ദിവസവേതനം ലഭിച്ചു. പൊതു വിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും അനുവദിച്ച ജൂൺ 2022 മുതൽ സെപ്റ്റംബർ 2022 വരെയുള്ള ദിവസവേതനം ലഭിച്ചിട്ടില്ല. അതു പോലെ അധികമായി കൈപ്പറ്റിയ 10 മാസത്തെ ദിവസവേതനത്തിൽ നിന്നും കിട്ടാനുള്ള നാല് മാസത്തെ തുക കിഴിച്ച് ബാക്കിയുള്ള 6 മാസത്തെ തുക വേഗം അടച്ചു തീർക്കാനുള്ള നടപടികൾ സ്റ്റേ ചെയ്തു തരണമെന്നും ഹിയറിംഗ് വേളയിൽ അപേക്ഷിക്കുകയുണ്ടായി. ഈ പ്രശ്നം നിലനിൽക്കുന്നതിനാൽ ശ്രീ. ടെൽമക്കു ശേഷം ജോലിയിൽ പ്രവേശിച്ച അധ്യാപകരുടെ നിയമനാംഗീകാരവും തടഞ്ഞു വച്ചിരിക്കുകയാണ്.

ടെൽമ ജോയ് ഈ സ്ഥാപനത്തിന്റെ സഹോദര സ്ഥാപനമായ ബി.ഇ.എം.എൽ.പി. സ്കൂൾ മേപ്പറമ്പിൽ 03.06.2025 മുതൽ ഉണ്ടായ പ്രൊമോഷൻ പോസ്റ്റിൽ ജോലിയിൽ പ്രവേശിച്ചു. ഇപ്പോൾ പ്രവേശിച്ച തസ്തികയിലും നിയമന അംഗീകാരം മുൻ കാരണങ്ങളാൽ തടഞ്ഞു വച്ചിരിക്കുകയാണ്.

**3. വിദ്യാഭ്യാസ ഓഫീസർമാർമാരുടെ വാദം താഴെ പറയും പ്രകാരമാണ്:**

പാലക്കാട് മലബാർ CSI കോർപ്പറേറ്റ് മാനേജർ പാലക്കാട് ബി.ഇ.എം.ജെ.ബി. സ്കൂളിൽ 2021-22 വർഷം അധികം പ്രതീക്ഷിക്കുന്ന ഒഴിവിലേക്ക് ശ്രീമതി. ടെൽമ ജോയിയെ 08/11/2021 മുതൽ എൽ.പി.എസ്.ടി. തസ്തികയിൽ നിയമിച്ചിരുന്നു. എന്നാൽ 06/07/2021 തീയതിയിലെ പൊതു വിദ്യാഭ്യാസ (ആർ) വകുപ്പിന്റെ സ.ഉ. (സാധാ) 3287/2021/പൊ.വി.വ. നമ്പർ ഉത്തരവ് പ്രകാരം കോവിഡ്-19 പശ്ചാത്തലത്തിൽ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാനാകാത്തതിനാൽ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 2019-20 വർഷത്തെ തസ്തിക നിർണ്ണയം തന്നെ 2020-2021, 2021-2022 അധ്യയന വർഷങ്ങളിലും തുടരും എന്ന് ഉത്തരവായിട്ടുണ്ട് എന്ന കാരണത്താൽ പാലക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനം ഉത്തരവ് നമ്പർ കെ.ഡിസ്/ബി/22133/2021 തീയതി 03/06/2022 പ്രകാരം നിരസിച്ചു നൽകിയിരുന്നു. ആയതിനെതിരെ മാനേജർ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ അപ്പീൽ

സമർപ്പിച്ചെങ്കിലും നിയമനം നിരസിച്ചതിനുള്ള കാരണം ഇപ്പോഴും നിലനിൽക്കുന്നുവെന്ന് ബോധ്യപ്പെട്ടതിനാൽ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് നമ്പർ കെഡിസ്/B4/198202/2022 തീയതി 01/08/2023 പ്രകാരം നിരസിക്കുകയുണ്ടായി.

തുടർന്ന് ബന്ധപ്പെട്ട സ്കൂൾ മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് മുൻപിൽ റിവിഷൻ അപ്പീൽ സമർപ്പിച്ചിരുന്നു. ആയത് ഉത്തരവ് നമ്പർ G1/240511/2023 തീയതി 25/02/2025 പ്രകാരം നിരസിച്ച് നൽകിയിരുന്നു.

സ.ഉ. (സാധാ) നമ്പർ. 3287/2021/പൊ.വി.വ. തീയതി 06.07.2021 പ്രകാരം 2019-20 ലെ തസ്തിക നിർണ്ണയം തന്നെയാണ് 2021-22 വർഷത്തിലും തുടരുന്നത്. 2021-22 വർഷത്തിൽ അധിക തസ്തികകൾ അനുവദിച്ചിട്ടില്ലാത്തതിനാൽ ടിയാരിയെ നിയമിച്ച അധിക തസ്തിക ലഭ്യമല്ല. ടി സാഹചര്യത്തിൽ റിവിഷൻ ഹർജി പരിഗണിക്കാൻ കഴിയില്ലെന്നാണ് വിദ്യാഭ്യാസ ഓഫീസർമാരുടെ വാദം.

4. സർക്കാർ ഈ വിഷയം ഹിയറിങ് സമയത്തെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. മലബാർ സി.എസ്.ഐ. കോർപ്പറേറ്റ് മാനേജർ പാലക്കാട് ബി.ഇ.എം. ജൂനിയർ ബേസിക് സ്കൂളിൽ തസ്തിക നിർണ്ണയ ഉത്തരവു പ്രകാരം അനുവദിച്ചിട്ടില്ലാത്ത പ്രതീക്ഷിത അധികം ഒഴിവിൽ ശ്രീമതി 08.11.2021 മുതൽ എൽ.പി.എസ്.ടി. തസ്തികയിൽ നിയമിച്ചു. അനുവദിക്കാത്ത അധിക തസ്തികയിലെ ഈ നിയമനം പൊതു വിദ്യാഭ്യാസ ഡയറക്ടർ കൂടി നിരസിച്ച സാഹചര്യത്തിലാണ് സർക്കാരിലേക്ക് ഹർജി സമർപ്പിച്ചിരിക്കുന്നത്.

2021-22 അധ്യയന വർഷം കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ സ്കൂൾ തുറന്നു പ്രവർത്തിക്കാത്തതിനാൽ 2019-20 വർഷത്തെ തസ്തിക നിർണയം തന്നെ 2020-21, 2021-22 അധ്യയന വർഷങ്ങളിലും ബാധകമെന്ന് 06.07.2021 തീയതിയിലെ G.O.(Rt) 3287/2021/GEdn പ്രകാരം സർക്കാർ ഉത്തരവായിരുന്നു. എയ്ഡഡ് സ്കൂളുകളിലെ രാജി. മരണം, പ്രൊമോഷൻ, റിട്ടയർമെന്റ് എന്നിവ മൂലം ഉണ്ടാകുന്ന റെഗുലർ ഒഴിവുകളിൽ മാത്രം 15.07.2021 മുതൽ നിയമാനുസൃതം നിയമനം നടത്താനുള്ള അനുമതി ടി ഉത്തരവിൽ പറഞ്ഞിരുന്നു.

06.07.2021 തീയതിയിലെ സർക്കാർ ഉത്തരവ് വന്നതിന് ശേഷമാണ് 08.11.2021 ൽ മാനേജർ ശ്രീമതി. ടെൽമ ജോയിയെ നിയമിച്ചിരിക്കുന്നത്. സ.ഉ.(സാധാ) 3287/2021/പൊ.വി.വ. തിയതി 06/07/2021 പ്രകാരം 2019-20ലെ തസ്തിക നിർണയം തന്നെയാണ് 2021-22 വർഷത്തിലും തുടരുന്നത്. 2021-22 വർഷത്തിൽ അധിക തസ്തികകൾ അനുവദിച്ചിട്ടില്ലാത്തതിനാൽ ശ്രീമതി ടെൽമ ജോയിയെ നിയമിച്ച അധിക തസ്തിക ലഭ്യമല്ല.

5. മേൽസാഹചര്യത്തിൽ, കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാനാകാത്തതിനാൽ 06/07/2021 തീയതിയിലെ G.O.(Rt) No.3287/2021/G.Edn നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2019-20 വർഷത്തെ തസ്തിക നിർണയം തന്നെ 2020-21,

2021-22 അധ്യയന വർഷങ്ങളിലും ബാധകമാക്കുന്നതിനും എയ്ഡഡ് സ്കൂളുകളിലെ രാജി, മരണം, പ്രമോഷൻ, റിട്ടയർമെന്റ് എന്നിവ മൂലം ഉണ്ടാകുന്ന റഗുലർ ഒഴിവുകളിൽ മാത്രം 15/07/2021 മുതൽ നിയമനം നടത്താനുള്ള അനുമതി നൽകിയിരുന്നതിനാലും, 2021-22 വർഷത്തിൽ പാലക്കാട് ബി.ഇ.എം.ജെ.ബി. സ്കൂളിൽ അധിക തസ്തികകൾ അനുവദിച്ചിട്ടില്ലാത്തതിനാൽ, 2021-22 വർഷത്തിൽ ലഭിക്കുമെന്ന് പ്രതീക്ഷിച്ച അധിക എൽ.പി.എസ്.ടി. തസ്തികയിൽ 08/11/2021 മുതലുള്ള ശ്രീമതി. ടെൽമ ജോയിയുടെ നിയമനം അംഗീകരിക്കണമെന്ന സി.എസ്.ഐ. ഡയോസിയൻ സ്കൂൾസ് കോർപ്പറേറ്റ് മാനേജരുടെ പരാമർശം (2) റിവിഷൻ ഹർജിയിലെ ആവശ്യം നിരസിച്ചു കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA R S
അഡിഷണൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്.
കോർപ്പറേറ്റ് മാനേജർ, സി.എസ്.ഐ. സ്കൂൾസ് ഇൻ മലബാർ & വയനാട്, കോഴിക്കോട് - 673 001.
ശ്രീമതി. ടെൽമ ജോയി, എൽ.പി.എസ്.ടി., ബി.ഇ.എം.ജെ.ബി. സ്കൂൾ, പാലക്കാട് - 678 014.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ (ജെ.എ.) വകുപ്പ് (16/12/2025 ലെ GE-JA1/467/2025-G.EDN നമ്പർ കുറിപ്പ് പ്രകാരം)
വിവര പൊതുജന സമ്പർക്ക് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ (GEDN-B3/68/2025-G.EDN).

ഉത്തരവിൻ പ്രകാരം

Signed by
Meera S S
സെക്ഷൻ ഓഫീസർ
Date: 12-05-2026 11:44:17